[Mr. V. O. Markos]

RULES 37, 38, 39 AND 40.

FUNCTIONS OF THE STANDING COMMITTEE.

37. The Standing Committee shall—

(a) arrange the Order of business for the Day;

(b) group similar motions and amendments and secure, if possible, assent of the parties concerned to composite motions and amendments;

(c) act as a general liaison body between Committees *inter se* and between the President and any part of the Representative Body;

(d) advise the President regarding the posts to be created in the Office of the Representative Body and the salaries and emoluments to be attached thereto;

(e) recommend to the Representative Body the allowances to be paid to the officers and members of the Representative Body and its committees;

(f) frame a budget or supplementary budget for submission to the Representative Body;

(g) deal with all questions relating to housing and accommodation of members of the Representative Body; and

(h) deal with any other matter under the rules or referred to it by the Representative Body or the President.

AUDIT.

38. The Standing Committee shall have the accounts of the Representative Body audited by the Accountant-General.

CHAIRMAN OF ADVISORY AND STANDING COMMITTEES.

39. The President shall be an ex-officio member of the Advisory Committee and the Standing Committee and shall be their ex-officio Chairman. Each Committee may elect a Vice-Chairman from among its members to preside over the Committee in the absence of the President.

SECRETARY.

40. The Secretary of the Representative Body shall be ex-officio Secretary of the Advisory Committee and the Standing Committee.

As there were no amendments to Rules Nos. 37, 38, 39 and 40, they are added to the rules.

RULE 41.

MR. PRESIDENT : ർ ഫ-ാംവ-ാ്ച് സബ് ൃാം ർ-ന് മി. പി. എസ്. മുഹമ്മദ് ഒരു ഭേഗതി നയ-ിട്ടുണ്ട്.

MR. P. S. MUHAMMED : എന്റെ ഭേഗതി ഇതാണ്. സബ്ൃാം (ർ) മാറി സബ്ൃാം ഒ-ായി ചേർത്തുകൊണ്ട് സബ്ൃാം ർ.

"The Committee shall have power to co-opt additional members not exceeding one fourth of its strength for giving adequate representation to minority communities" എന്നാക്കണം. നാം ഇതിനുമുമ്പ് പാസാക്കിയിട്ടുള്ള നിയമങ്ങളിൽ അഡൈ്വസറി കമ്മിറ്റിയും സ്റ്റാൻറിംഗ് കമ്മിറ്റിയും മാറും വേണമെന്ന തോന്നുന്ന

LIBRARY ARCHIVES Kerala Legislative Assembly

സന്ദർഭങ്ങളിൽ ഏതാനുംപേരെ കോവാപ്റ്റു ചെയ്യാനുള്ള അധികാരംകൂടി കൊടുത്തിട്ടുണ്ട്. അതുപോലെ ഈ സംഗതിയിലും അധികാരം ഉണ്ടായിരിക്കണമെന്നുള്ളതാണു് എന്റെ ഭേദഗതി. അത്യാവശ്യമാണെന്നു കമ്മിറ്റിക്കു ബോദ്ധ്യംവരുന്ന സന്ദർഭങ്ങളിൽ കമ്മിറ്റിയുടെ അംഗങ്ങളിൽ നാലിലൊന്നിൽക്കുടാത്ത ഒരു സംഖ്യ കോവാപ്റ്റുചെയ്യുന്നതിനുള്ള അധികാരം കമ്മിറ്റിക്കു് ഉണ്ടായിരിക്കേണ്ടതാണു്. ഇതു് എന്തിനുവേണ്ടിയാണെന്നും അതുകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്താണെന്നും ഇവിടെ വിവരിക്കേണ്ട ആവശ്യമുണ്ടെന്നു് തോന്നുന്നില്ല. ഇതിനു മുമ്പുള്ള കമ്മിറ്റികളിൽ കോവാപ്റ്റു ചെയ്യുന്നതിനു് അധികാരം കൊടുത്തിട്ടുള്ളതു് ഏതു കാരണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണോ അതേ കാരണങ്ങളാൽത്തന്നെ ഈ കമ്മിറ്റിക്കും ആ അധികാരം ഉണ്ടായിരിക്കേണ്ടതാണു്. എന്റെ ഈ ഭേദഗതി എല്ലാവരും സ്വീകരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

MR. K. RAMACHANDRAN (*Pathanamthitta I—Kammala Reserved*): I support the amendment of Honourable Member Mr. P. S. Muhammed, because this provision is certainly in the interests of the minority communities. As we have seen from the discussions, the strength of the Standing Committee and the Advisory Committee is 20; and it is unlikely that any minority community will be elected on the system of proportional representation. In the sub-committees, the number will never be above 20 or 21. So I think that if this provision is made, it would serve the interests of the minority communities and I would advise the honourable members of this House to support the amendment.

MR. V. O. MARKOS: This is an amendment which may be made in the motion itself. Moreover, it does not seem necessary.

MR. P. BALAKRISHNAN THAMPI (*Mavelikara III—General*): I oppose the motion of Mr. P. S. Muhammed.

MR. PRESIDENT: മലയാളത്തിൽ സംസാരിക്കാമെന്നുള്ളവർ അങ്ങനെ ചെയ്താൽ കൊള്ളാം.

MR. P. BALAKRISHNAN THAMPI: All my training has been in this foreign language. If the Chair will kindly make arrangements for translation, I have no objection. I will stop after every sentence. I wait for the ruling of the Chair.

MR. PRESIDENT: മലയാളത്തിൽ പറഞ്ഞാൽ എല്ലാ മെംബറന്മാർക്കും മനസിലാക്കാൻ സാധിക്കും. ഓരോ വാചകവും അച്ചടിപ്പാൻ തയ്യാറാക്കുന്നതു് വളരെ വിഷമമുള്ള ഒരു കാര്യമാണു്. അതുകൊണ്ടു ബഹുമാനപ്പെട്ട മെംബർക്കു് കഴിയുമെങ്കിൽ മല

LIBRARY ARCHIVES Kerala Legislative Assembly

[Mr. President.]

യാളത്തിൽ സംസാരിക്കുന്നതു നന്നായിരിക്കും. എല്ലാ മെംബറന്മാരും ഒഴിയുമെങ്കിൽ മലയാളത്തിലോ തമിഴിലോ സംസാരിക്കുന്നതു് നല്ലതാണു്. എന്നാൽ ഇവിടെ പാസായിരിക്കുന്ന റൂൾ അനുസരിച്ചു് ഇംഗ്ലീഷിൽ സംസാരിക്കണമെന്നു് ആഗ്രഹിക്കുന്നവർക്കു് ഇംഗ്ലീഷിൽ സംസാരിക്കുന്നതിനും അവകാശമുണ്ടു്.

MR. P. BALAKRISHNAN THAMPI: Then I would like to talk in a language in which I can express myself well. I am not opposing the amendment of Mr. P. S. Mahomed with regard to the committee's power for co-opting additional members. I oppose the wording "for giving adequate representation to minority communities." This House has not yet been committed to any position by which adequate representation to minority communities as such should be given. The only proposition, the only principle that we have adopted is the safeguarding of the interests of the minorities. I hope the honourable member would agree to change the wording from "for giving adequate representation to minority communities," to "for safeguarding the protection of the minorities" that is, the wording in Rule 34. Otherwise this House would commit itself to the proposition of representation of minority communities as such.

MR. P. S. MUHAMMED: Do you propose that amendment?

MR. P. BALAKRISHNAN THAMPI: I am suggesting to my honourable friend that if he goes by the wording of Rule 34, it would be more in consonance with the scheme of the whole Act. Sir, I believe that my friend agrees to it if the Chair permits.

MR. PRESIDENT: He has not agreed.

MR. P. S. MUHAMMED: Yes, I agree.

MR. P. BALAKRISHNAN THAMPI: My gallant friend agrees.

Therefore the wording is instead of "for giving adequate representation to minority communities" "safeguards for the protection of minorities" shall be put in.

MR. PRESIDENT: What is the wording?

MR. P. BALAKRISHNAN THAMPI: "The Committee shall have power to co-opt additional members not exceeding one-fourth of its strength for safeguards for the protection of minorities.

The amendment was accepted.

MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): ശ്രീമാൻ പി. എസ്. മഹമ്മദിന്റെ ഭേദഗതിയെ ഞാൻ അപ്പാടെ എതിർക്കുന്നു. എന്തുകൊണ്ടെന്നാൽ അതിവിടെ ആവശ്യമില്ലാ എന്നുള്ള കാരണത്താൽ മാത്രമാണു്. ഏതെങ്കിലും ഒരുപക്ഷേപം അനുസരിച്ചു് ഒരു കമ്മിറ്റിയെ

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയുടെതന്നെ രൂപീകരിക്കാവുന്നതാണെന്ന് ർ ഫ-ാം വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന സ്ഥിതിക്ക് ഇപ്രകാരം ഒരു ഭേദഗതി പ്രമേയത്തിന്റെ ആവശ്യമില്ലെന്നാണ് എനിക്കു തോന്നുന്നത്. അപ്രകാരം ഒരു കമ്മിറ്റിയുണ്ടാക്കുന്നതിന് ഇവിടെ മുൻകൂട്ടി നിശ്ചയിക്കേണ്ട ആവശ്യമില്ല. അതുകൊണ്ടാണ് ഭേദഗതിയെ എതിർക്കുന്നത്.

MR. PRESIDENT : മി. പി. എസ്. മഹമ്മദിന്റെ ഭേദഗതിയെ അനുകൂലിക്കുന്നവർ ആരെങ്കിലുമുണ്ടോ ?

MR. R. K. RAM (*Agasteeswaram—General*) : நான் ஒத்து ஆமென்று மென்ற ஆதரிக்கின்றேன்.

MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya Reserved*): ഞാൻ മി. പി. എസ്. മഹമ്മദിന്റെ ഭേദഗതിയെ അനുകൂലിക്കുന്നു. ന്യൂനപക്ഷ സമുദായങ്ങളുടെ താൽപര്യങ്ങളേയും സംരക്ഷണവ്യവസ്ഥകളേയും സ്വാഗതം ചെയ്യുകയും ചെയ്യുന്നു. ന്യൂനപക്ഷപ്രശ്നം ജനകീയ ഗവണ്മെന്റിന്റെ മുമ്പാകെ മുഴച്ചു നിൽക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ്. ഗവണ്മെന്റ് ജനസഞ്ചയത്തിന്റെ അഭേദ്യസ്ഥാനവും ആശാകേന്ദ്രവുമാകുന്നു. എല്ലാപേരുടേയും സഹകരണം കൊടുക്കണം. പരിഹാരം നടക്കണം. ജനകീയ ഗവണ്മെന്റിന്റെ നാമത്തിൽ ഇതിനും ഒരു പ്രത്യേകതയും ആവശ്യമാകുന്നു.

MR. K. K. CHELLAPPAN PILLAI : ന്യൂനപക്ഷ സമുദായങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ഒരു കമ്മിറ്റിയെ നിയമിക്കുന്നതിനായി ന. ർ-ാം വകുപ്പിൽ വ്യവസ്ഥയുള്ളതുകൊണ്ട് ഈ അവസരത്തിൽ ഇതു് ഇവിടെ എടുത്തുപറയേണ്ട ആവശ്യമില്ലായെന്നാണ് എനിക്കു തോന്നുന്നത്.

MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya Reserved*) : അറിഞ്ഞുകൊണ്ടുതന്നെയാണു ഞാൻ പറയുന്നതു്. ഇൻഡ്യൻ കാണസംബ്ലി സ്വീകരിച്ചിട്ടുള്ള നയങ്ങളാണ് ഇവിടേയും സ്വീകരിക്കുന്നതു് നന്നായിരിക്കുമെന്നു്. തിരഞ്ഞെടുപ്പുകൊണ്ടു് പ്രാതിനിധ്യം കിട്ടാത്ത സമുദായങ്ങളുണ്ടു്. അവക്കു് കൂടെ പ്രാതിനിധ്യം ആവശ്യമാണല്ലോ. ഇൻഡ്യൻ കാണസംബ്ലി അംഗീകരിച്ചിട്ടുള്ളതുപോലുള്ള കരാർ അനുസരിച്ചാണല്ലോ ഇവിടേയും പല്ലുകരാർ അംഗീകരിച്ചിട്ടുള്ളതു്. അതിനാൽ ന്യൂനപക്ഷ സമുദായ സംരക്ഷണത്തിനു് അവിടെ അംഗീകരിച്ചിട്ടുള്ള വ്യവസ്ഥകളും ഇവിടെയും അംഗീകരിക്കേണ്ടതാണു്. ഭേദഗതിയെ അനുകൂലിക്കുന്ന സഭയുടെ പരിപൂർണ്ണ സഹകരണം അപേക്ഷിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ ഭേദഗതിയെപ്പറ്റി ശരിയായി മനസ്സിലാക്കാതെയാണ് എന്റെ മാന്യസ്നേഹിതൻ അനുകൂലിച്ചതു്. ര ണ്ടാം വകുപ്പിൽ പറയുന്നതു് ഈ അസംബ്ലിക്കു് ഏതു വിധത്തിലുള്ള കമ്മിറ്റിയെ നിയമിക്കണമെന്നു തോന്നുന്നുവോ, അതുവിധത്തിലുള്ള കമ്മറിയെ നിയമിക്കണമെന്നാണ്. ഇവിടെ ഒരു ഉപക്ഷേപം ഹാജരാക്കി ഇന്നാരേയും ഇന്നാരേയും എല്ലാം ചേർത്തു് ഒരു കമ്മിറ്റി ഉണ്ടാക്കണമെന്നു പറഞ്ഞാൽ അങ്ങനെ ഉണ്ടാക്കാമെന്നാണു് രൂളിൽ പറഞ്ഞിരിക്കുന്നതു്. അങ്ങനെയുള്ള വ്യവസ്ഥയുള്ളപ്പോൾ തിരഞ്ഞെടുപ്പിൽ പ്രാതിനിദ്ധ്യം കുറഞ്ഞ സമുദായങ്ങളെ അതുകൂട്ടിച്ചേർത്തു് ഒരു കമ്മിറ്റിയുണ്ടാക്കണമെന്നു് പറയുന്നതു ശരിയല്ല. അതിനും പുറമേ ന്യൂനപക്ഷ സമുദായങ്ങൾക്കു് പ്രാതിനിദ്ധ്യം കിട്ടാത്തവണ്ണം ഒരു കമ്മിറ്റി ഉണ്ടാക്കണമെന്നു് പറയുന്നതിലും അർത്ഥമില്ല. ഒരു ഭേദഗതി ക്രൂടാതെതന്നെ ഈ രൂംകൊണ്ടു് അതു സാധിച്ചു കിട്ടുന്നുണ്ടു്. ഇങ്ങനെയായി ഒരു വാദഗതി കൊണ്ടുവരുന്നതു് തിരഞ്ഞെടുപ്പിൽ തന്നെ പ്രാതിനിദ്ധ്യം കിട്ടാത്ത ചില സമുദായങ്ങളുണ്ടു്. അവക്കെല്ലാം പ്രാതിനിദ്ധ്യം കൊടുക്കണമെന്നു് പറയുന്നു. ഇന്നാൽ എനിക്കു പറയുവാനുള്ളതു് അപ്രകാരം ഒരു ഭേദഗതിയുടെ ആവശ്യമില്ലായെന്നാണു്. എന്തുകൊണ്ടെന്നാൽ ഇവിടെ ഇരിക്കുന്ന ന്യൂനപക്ഷ സമുദായങ്ങളുടെ പ്രതിനിധികൾതന്നെ തിരഞ്ഞെടുത്തു് അയക്കപ്പെട്ടിട്ടുള്ളവരാണു്. നാമിനേഷൻ സമ്പ്രദായം വഴിച്ചുറഞ്ഞിട്ടു യോഗ്യതയുള്ളവരേയാണു് തിരഞ്ഞെടുത്തിട്ടുള്ളതു്. ഇനിയും ആ പഴയ ഉഷിച്ചു സമ്പ്രദായം സ്വീകരിക്കണമോ എന്നാണു് ഞാൻ ചോദിക്കുന്നതു്?

MR. P. S. MUHAMMED: കോവാപ്പറു് ചെയ്യുന്നതു് നാമിനേഷനല്ലെന്നു് മെമ്പർക്കറിയാമോ?

MR. K. P. NILAKANTA PILLAI: ചില മെംബറന്മാരുടെ വാദഗതികളിൽ വെളിയിൽ പ്രാതിനിദ്ധ്യം കുറഞ്ഞ സമുദായങ്ങളുണ്ടെന്നും അവരുടെ ഒരു കമ്മിറ്റിയുണ്ടാക്കണമെന്നുമാണു്. ഇങ്ങനെയുള്ള വാദഗതികളെ നീട്ടിക്കൊണ്ടുപോയാൽ അതു് എവിടംവരെ പോകുമെന്നു് എനിക്കു നിശ്ചയമില്ല. ഉദ്ദേശിക്കുന്ന ആളുകളെ എടുക്കണമെന്നുണ്ടെങ്കിൽ ഒരു പ്രമേയം ഹാജരാക്കി അതു് അംഗീകരിച്ചു എടുക്കാമല്ലോ. ഈ ഭേദഗതിമൂലം തത്വത്തിനു് വിപരീതമായി ചെയ്യാമെന്നാണു് തോന്നുന്നതു്. അതുകൊണ്ടു് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. KUNJUKRISHNAN (*Quilon II—General*) : ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു. ഇവിടെ മൈനാറിട്ടി കമ്മ്യൂണിറ്റിക്ക് രക്ഷാ വ്യവസ്ഥ ചെയ്യേണ്ടാ എന്നു ആരും പറയുന്നില്ല. വേണ്ട രക്ഷാ വ്യവസ്ഥ ഉണ്ടാകത്തക്ക സ്ഥിതിയിലാണ് ഇതുവരെയുള്ള നിയമങ്ങൾ തന്നെ നാം അംഗീകരിച്ചിരിക്കുന്നതു്. അതിനാൽ ഇങ്ങനെയൊരു ഭേദഗതി ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. മൈനാറിട്ടി കമ്മ്യൂണിറ്റിക്ക് എന്തെല്ലാം രക്ഷാവ്യവസ്ഥ വേണം എന്നു നോക്കി അവർക്കു ന്യായമായ എല്ലാ രക്ഷാവ്യവസ്ഥകളും അനുവദിച്ചു കൊടുക്കേണ്ടതു് ആവശ്യംതന്നെയാണ്. ഈ ഭേദഗതിയിൽ പറയുന്നതു്,

> In Rule 41, after sub-rule (3), add the following as sub-rule (4) by changing sub-rule (4) into sub-rule (5):—"The Committee shall have power to co-opt additional members not exceeding one fourth of its strength for giving adequate representation to minority communities". എന്നാണ്.

എന്നാൽ, റൂൾ 4:

Other committees.

41. (1) "Any other committee may be set up by a motion in the Representative Body.

(2) The members of every such committee shall, unless the motion by which the committee is set up otherwise provides, be elected according to the principle of proportional representation by means of the single transferable vote.

(3) Unless the motion by which any such committee is set up otherwise provides, the Committee shall appoint one of its members as Chairman who shall regulate the work of the committee.

(4) The Secretary of the Representative Body shall be *ex-officio* Secretary of every committee, unless the motion by which the committee is set up otherwise provides." എന്നാണു.

ഈ ർ ഫ്–ാമത്തെ റൂൾ, സ ർ–ം സ ി–ം റൂൾസുമായിട്ടാണ് നോക്കേണ്ടതു്. അങ്ങനെ നോക്കുമ്പോൾ ഈ ഭേദഗതിയുടെ ആവശ്യമില്ലെന്നു കാണാം. സ ർ–ം സ ി–ം റൂൾസിലെ വ്യവസ്ഥകൾ കൊണ്ടു മൈനാറിറ്റികളുടെ താല്പര്യങ്ങൾ സുരക്ഷിതമാണ്. ആ നിലയ്ക്കു ഈ ഭേദഗതി അധികത്താണു. ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ ആവശ്യമില്ലാത്തവ ഒഴിവാക്കേണ്ടതു അവയുടെ ഗൗരവത്തിനു തന്നെയും ആവശ്യമാണ്. ഈ അമെൻഡ്മെൻറ് ഇവിടെ അവതരിപ്പിച്ചു മെമ്പറിന്റെ ഉദ്ദേശശുദ്ധി മഹത്താണ്. എന്നാൽ എനിക്കു പറയാനുള്ളതു്

LIBRARY ARCHIVES Kerala Legislative Assembly